# കുളത്തൂപ്പുഴ മുക്കാൽസെന്റ് കോളനി ഭവനപദ്ധതിയുടെ സമർപ്പണം


കോളനിവാസികൾക്ക് നിർമിച്ചു നൽകിയ വീടുകൾ

**കിഴക്കൻ** മലയോരത്തിന്റെ ആകാശച്ചെരിവുകളിൽ മഴമേഘങ്ങൾ വരവറിയിക്കുമ്പോൾ ഇനി മുക്കാൽസെന്റ് നിവാസികൾക്ക് ആശങ്കകളില്ല. ഓലക്കീറുകൾക്കിടയിലൂടെ കിനിഞ്ഞിറങ്ങുന്ന മഴത്തുള്ളികളും, നനവിന്റെ സാന്ദ്രതയേറുന്ന മൺതറയും അവർക്കിനി ദുഃസ്വപ്നങ്ങളിലെ ഏടുകൾ മാത്രം. വികസനത്തിന്റെ അനിവാര്യഫലങ്ങളിലൊന്നായിരുന്നു അവരുടെ പറിച്ചെറിയപ്പെടൽ. പതിനെട്ട് വർഷം മുമ്പ് ദേശീയ പാതയുടെ വികസനം അവരെ കൊണ്ടെത്തിച്ചത് ഈ ചെളിക്കുണ്ടിലായിരുന്നു. മേൽവിലാസത്തിനുവേണ്ടി കയറി ഇറങ്ങാത്ത വാതിലുകളില്ല, വിളിക്കാത്ത മുദ്രാവാക്യങ്ങളില്ല, ഒടുവിൽ ഒരു കൊച്ചു സംഘത്തിന്റെ ദൃഢനിശ്ചയത്തിനൊപ്പം, ഈ നിസ്സഹായർ അവകാശപ്പെട്ടത് നേടിയെടുക്കുക തന്നെ ചെയ്തു. അളന്നു തിരിച്ച മൂന്നര സെന്റ് ഭൂമിയും, അതിന്മേലുള്ള പട്ടയവും അവർ സ്വന്തമാക്കി. മുക്കാൽസെന്റിന്റെ വീർപ്പുമുട്ടലിൽ നിന്ന് മൂന്നര സെന്റിന്റെ തെല്ലു വിശാലതയിലേക്ക് കാലെടുത്തു വെക്കുമ്പോഴും അവരുടെ സ്വപ്നങ്ങൾക്ക് നിറപ്പകിട്ടുണ്ടായിരുന്നില്ല. ജമാഅത്തെ ഇസ്‌ലാമി കേരളാ ഹൽഖയുടെ മുന്നിൽ സോളിഡാരിറ്റി ഏരിയാ നേതൃത്വം കോളനിവാസികളുടെ പാർപ്പിടപ്രശ്നം അവതരിപ്പിച്ചു. കോളനിവാസികളുടെ ദുരന്തചിത്രങ്ങൾ കേരളാഹൽഖക്കു ബോധ്യപ്പെട്ടതോടെ മുക്കാൽസെന്റ് കോളനിയുടെ ചരിത്രം തിരുത്തപ്പെടുകയായിരുന്നു. ശരീരം കൊണ്ടും സമ്പത്തുകൊണ്ടും ദൈവമാർഗത്തിൽ ധർമസമരത്തിൽ ഏർപ്പെടണമെന്ന് തിരിച്ചറിഞ്ഞവർ, തങ്ങളുടെ സമ്പത്തിന്റെയും വിയർപ്പിന്റെയും ഒരു ഭാഗം കോളനിവാസികൾക്കു വേണ്ടി ദൈവമാർഗത്തിൽ സമർപ്പിച്ചപ്പോൾ, അവരുടെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും ഉറപ്പുള്ള തറയും ചോരാത്ത മേൽക്കൂരയും സ്വന്തമായി.

2008 മെയ്-1ന് പ്രഖ്യാപിക്കപ്പെട്ട ഭവനപദ്ധതി 24 ലക്ഷം രൂപ ചെലവിട്ട്, 36 കുടുംബങ്ങൾക്കായി കേവലം 100 ദിവസങ്ങൾ കൊണ്ട് ഒരു കൂട്ടം മനുഷ്യസ്നേഹികളുടെ സാമ്പത്തികവും ശാരീരികവുമായ സമർപ്പണംകൊണ്ട് പൂർത്തീകരിക്കപ്പെടുകയായിരുന്നു.

2008 ആഗസ്റ്റ് 22-ന് മുക്കാൽസെന്റിലെ സഹോദരങ്ങൾ ആഹ്ലാദത്തിമിർപ്പിലായിരുന്നു, കുളത്തൂപ്പുഴ പട്ടണവും. ജമാഅത്തെ ഇസ്‌ലാമി കേരളാ അമീറിനെയും, സംസ്ഥാന ജലവിഭവവകുപ്പ് മന്ത്രി എൻ.കെ പ്രേമചന്ദ്രനെയും മറ്റു വിശിഷ്ടാതിഥികളെയും സ്വാഗതം ചെയ്യാൻ അവർ തയാറെടുത്തു. കുളത്തൂപ്പുഴയിലെ ആദ്യകാല ഇസ്‌ലാമിക പ്രവർത്തകൻ ഹകീം സാഹിബ്, ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറി ടി.കെ ഹുസൈൻ, ഫാ. എബ്രഹാം ജോസഫ്, *മാധ്യമം* ജനറൽ മാനേജർ അബ്ദുർറഹിം തുടങ്ങിയവർ നേരത്തെ തന്നെ കോളനിയിൽ എത്തിയിരുന്നു. രാവിലെ പത്തരയോടെ ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അമീർ ടി. ആരിഫലി സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ, ജമാഅത്തെ ഇസ്‌ലാമി കൊല്ലം ജില്ലാ പ്രസിഡന്റ് പി.എച്ച് മുഹമ്മദ് എന്നിവർക്കൊപ്പം സ്ഥലത്തെത്തി. അമീറിന് സ്വാഗതമോതുന്ന ബാനറിനു കീഴിൽ കോളനിവാസികൾ ഒന്നടങ്കം അണിനിരന്നു.

വൈകുന്നേരം കുളത്തൂപ്പുഴ മാർക്കറ്റ് ജംഗ്ഷനിൽ നടന്ന പൊതുസമ്മേളനത്തിനും, താക്കോൽ വിതരണ ചടങ്ങിനും മുൻപ് മുക്കാൽസെന്റ് കോളനിവാസികൾ പങ്കെടുത്ത ആവേശകരമായ പ്രകടനം നടന്നു. കൃത്യസമയത്ത് യോഗത്തിനെത്തിയ മന്ത്രി എൻ.കെ പ്രേമചന്ദ്രൻ 3 കിലോമീറ്റർ അകലെയുള്ള കോളനി സന്ദർശിക്കാനും സന്നദ്ധത പ്രകടിപ്പിച്ചു. എം. ഇല്യാസ് മൗലവിയുടെ ഖുർആൻ പാരായണത്തോടെ യോഗം ആരംഭിച്ചു. ജമാഅത്തെ ഇസ്‌ലാമി കൊല്ലം ജില്ലാ പ്രസിഡന്റ് പി.എച്ച് മുഹമ്മദ് സ്വാഗതം പറഞ്ഞു. ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറി ടി.കെ ഹുസൈൻ അധ്യക്ഷത വഹിച്ചു. ഉദ്ഘാടന പ്രഭാഷണം നിർവഹിച്ച ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അമീർ ടി. ആരിഫലി, വേദാധ്യാപനവും പ്രവാചകമാതൃകകളും മാനദണ്ഡമാക്കി പ്രശ്നങ്ങൾ പഠിക്കുകയും, സാധ്യമായത് പ്രവർത്തിക്കുകയും ചെയ്യുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി എന്ന് വ്യക്തമാക്കി. ദൈവവുമായി സമൂഹത്തെ അടുപ്പിക്കുകയാണ് പ്രസ്ഥാനത്തിന്റെ ദൗത്യം. ദൈവവുമായി അടുക്കുക എന്നാൽ മനുഷ്യനുമായി അകലുകയല്ലെന്നും, ദൈവവുമായി അടുക്കാൻ മനുഷ്യരിലൂടെ മാത്രമേ വഴിയുള്ളൂ എന്നും അദ്ദേഹം ഓർമിപ്പിച്ചു. ജമാഅത്തെ ഇസ്‌ലാമിയുടെ സേവന പ്രവർത്തനങ്ങളും പോരാട്ടവും അവകാശങ്ങൾ നിഷേധിക്കപ്പെട്ട സമൂഹത്തിലെ മുഴുവൻ പേർക്കും വേണ്ടിയാണ്. സമൂഹത്തിലെ ബഹുസ്വരത സർഗാത്മകമായി നിലനിർത്തുവാൻ ഇത് അനിവാര്യമാണ്. ഇത്തരം പുനരധിവാസപ്രവർത്തനങ്ങൾ കേവലം സേവനപ്രവർത്തങ്ങൾ മാത്രമല്ലെന്നും, പോരാട്ടവും രാഷ്ട്രീയ പ്രവർത്തനവും കൂടിയാണെന്നും കുളത്തൂപ്പുഴയിലെ ഭവനപദ്ധതിയുടെ സമർപ്പണം തെരുവിലേയ്ക്ക് കൊണ്ടു വന്നത് ഭൂമിയുടെ രാഷ്ട്രീയത്തെ സംബന്ധിച്ച ചർച്ചകൾക്ക് പുതിയ ദിശ നിർണയിക്കുക എന്ന ലക്ഷ്യത്തോടെയാണെന്നും അദ്ദേഹം പറഞ്ഞു.

ഭവനപദ്ധതിയുടെ സമർപ്പണം നിർവഹിച്ചു കൊണ്ട് സംസാരിച്ച മന്ത്രി എൻ.കെ പ്രേമചന്ദ്രൻ, ജമാഅത്തെ ഇസ്‌ലാമിയുമായി തനിക്കുള്ള ദീർഘകാലബന്ധം അനുസ്മരിച്ചു. താൻ ഗ്രാമപഞ്ചായത്ത് അംഗമായിരുന്ന നാളുകൾ തൊട്ടുള്ള ബന്ധം ഇപ്പോഴും ഊഷ്മളമായി തുടരുന്നതിൽ സന്തുഷ്ടി പ്രകടിപ്പിച്ച അദ്ദേഹം, സംഘടനയുടെ സേവനമേഖലയിലടക്കം വിവിധ പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ സാധിച്ചതിൽ തനിക്ക് അഭിമാനമുണ്ടെന്ന് പറഞ്ഞു. ഇസ്‌ലാം ഭീകരതയാണെന്ന് ഒരു വിഭാഗം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ജാതിയോ, മതമോ പരിഗണിക്കാതെ 36 കുടുംബങ്ങൾക്ക് സ്വന്തം ധനവും അധ്വാനവും ചെലവഴിച്ച് വീടുകൾ നിർമിച്ചു കൊടുക്കുന്നതുപോലുള്ള യഥാർഥ ഇസ്‌ലാമിക പ്രവർത്തനങ്ങൾ എന്തുകൊണ്ട് വിമർശകർ കാണുന്നില്ല എന്നദ്ദേഹം ചോദിച്ചു. എല്ലാവർക്കും വീട് എന്നത് കേരളത്തിന്റെ സ്വപ്നമാണ്. അതു സാക്ഷാത്കരിക്കാൻ സർക്കാരിനൊപ്പം സന്നദ്ധസംഘടനകളും

രാഷ്ട്രീയ പ്രസ്ഥാനങ്ങളും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഒത്തൊരുമയോടെ പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

വീടുകളുടെ താക്കോൽവിതരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനും, തഹസിൽദാർക്കും നൽകി മന്ത്രി നിർവഹിച്ചു. കോളനിവാസികളുടെ പ്രതിനിധികളായി എൻ.കെ പ്രേമചന്ദ്രനിൽ നിന്ന് ബേബിയും, പുനലൂർ എം.എൽ.എ അഡ്വ.കെ. രാജുവിൽ നിന്ന് വിലാസിനിയും താക്കോലുകൾ ഏറ്റുവാങ്ങി. മുക്കാൽസെന്റ് കോളനിയെ മൈത്രി നഗർ എന്ന് പുനർനാമകരണം ചെയ്തു കൊണ്ടുള്ള ബാനർ കോളനിവാസികളുടെ പ്രതിനിധി കുഞ്ഞുമോനിൽ നിന്നും ഏറ്റുവാങ്ങി പ്രദർശിപ്പിച്ചു. പരിപാടിക്ക് ആശംസകൾ നേർന്നുകൊണ്ട് പുനലൂർ എം.എൽ.എ അഡ്വ.കെരാജു, സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ, പത്തനാപുരം തഹസിൽദാർ എച്ച്. നാസറുദ്ദീൻ, കുളത്തൂപ്പുഴ മുസ്ലിം ജമാഅത്ത് പ്രസിഡന്റ് സി. മീരാസാഹിബ് ലബ്ബ, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് അംഗം സാബു എബ്രഹാം,കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി.രാജീവ്, പരിസ്ഥിതി സാമൂഹിക പ്രവർത്തകൻ ഓടനാവട്ടം വിജയപ്രകാശ്, ഗ്രാമപഞ്ചായത്ത് അംഗം അബ്ദുൽ ഗഫൂർ എന്നിവർ സംസാരിച്ചു. പുനരധിവാസപദ്ധതിയുടെ കൺവീനർ സി.എസ് അൻസാരി നന്ദി പറഞ്ഞു.

**സി.എസ് അൻസാരി**